## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4018 — 21.10.2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്

# തൃക്കുന്നപ്പുഴ ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | തൃക്കുന്നപ്പുഴ ഹാർബർ നിർമ്മാണത്തിന്റെ പഠനത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഠന റിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കുമോ ; | (ബി) | നിർദ്ദിഷ്ട ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, മാതൃകാപഠനം നടത്തുന്നതിനായി പൂനെ ആസ്ഥാനമായുള്ള CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Littoral drift, shoreline changes എന്നിവയുടേയും wave tranquility -ടേയും പഠനം നടത്തുന്നതിനാണ് പൂനെയിലെ CWPRS-നെ ഏൽപ്പിച്ചിരുന്നത്. ഇവയിൽ Littoral drift, shoreline changes എന്നിവ സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചു. Wave tranquility സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. |
| (സി) | ഈ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | CWPRS-ൽ നിന്നും മാതൃകാ പഠനം പൂർത്തിയാക്കി പഠന റിപ്പോർട്ട് ലഭ്യമായശേഷം പരിസ്ഥിതി പഠനം നടത്തേണ്ടതുണ്ട്. പരിസ്ഥിതി പഠന റിപ്പോർട്ട് CRZ സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭിച്ചതിനുശേഷം CRZ/പരിസ്ഥിതി ക്ലിയറൻസിന് വിധേയമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ